## ദൈവരാജ്യം ഭരണനിർവഹണത്തിലുള്ള ക്രിസ്തുവിന്റെ വർധനവാണ്

**I. ഇന്ന് സഭ ജീവനിലുള്ള ക്രിസ്തുവിന്റെ വർധനവാണ്, എന്നാൽ നിത്യമായ ദൈവരാജ്യം ഭരണനിർവഹണത്തിലുള്ള ക്രിസ്തുവിന്റെ വർധനവാണ്**

- സഭയായിത്തീരുവാൻ ജീവനിൽ ക്രിസ്തു വർധിക്കുന്നു; രാജ്യമായിത്തീരുവാൻ ഭരണനിർവഹണത്തിൽ ക്രിസ്തു വർധിക്കുന്നു
- സഭയും രാജ്യവും അവന്റെ വർധനവാണ്

## രാജ്യം സഭയെ ഉളവാക്കുന്നു

**II. വേദപുസ്തകം ആദ്യം രാജ്യത്തെ അവതരിപ്പിക്കുകയും, അതിനുശേഷം സഭയെ അവതരിപ്പിക്കുകയും ചെയ്യുന്നു; രാജ്യത്തിന്റെ സാന്നിധ്യം സഭയെ ഉളവാക്കുന്നു**

- ദൈവജീവൻ ദൈവരാജ്യമാണ്; ദിവ്യജീവൻ രാജ്യമാണ്, ഈ ജീവൻ സഭയെ ഉളവാക്കുന്നു
  - സുവിശേഷം ദിവ്യജീവനെ കൊണ്ടുവരുന്നു, ഈ ജീവന് അതിന്റെ മണ്ഡലമുണ്ട്, അത് രാജ്യം ആണ്; ദിവ്യജീവൻ അതിന്റെ മണ്ഡലത്തോടുകൂടെ സഭയെ ഉളവാക്കുന്നു
- രാജ്യം സഭയുടെ യാഥാർഥ്യമാണ്; അതുകൊണ്ട്, രാജ്യജീവിതത്തെക്കൂടാതെ, നമുക്ക് സഭാജീവിതം നയിക്കുവാൻ കഴിയുകയില്ല
  - രാജ്യജീവിതം സഭാജീവിതത്തിൽ പരിണമിക്കുന്നതിനാൽ, രാജ്യജീവിതത്തിൽ നാം സംഘാതമായി ജീവിക്കുമ്പോൾ, നാം സ്വതേ സഭാജീവിതം നയിക്കുന്നു
- സഭയുടെ യാഥാർഥ്യമായ രാജ്യത്തെക്കൂടാതെ, സഭ പണിയപ്പെടുവാൻ കഴിയുകയില്ല
  - സ്വർഗരാജ്യത്തിന് വിശ്വാസികളുടെ ഒരു കൂട്ടത്തിന്മേൽ അതിന്റെ അധികാരം ഉറപ്പിക്കുവാൻ കഴിയുമ്പോൾ, ആ വിശ്വാസികൾക്ക് സഭയിലേക്ക് പണിയപ്പെടുവാൻ കഴിയും

## സഭയും രാജ്യവും ഒന്നുതന്നെയാണ്

**III. യഥാർഥ സഭ ഈ യുഗത്തിൽ ദൈവരാജ്യമാണ്; ഇന്ന് വിശ്വാസികൾ സഭയിൽ രാജ്യജീവിതം നയിക്കുന്നു**

- കർത്താവായ യേശു സഭയെക്കുറിച്ച് സംസാരിച്ച ഓരോ പ്രാവശ്യവും അവൻ അത് രാജ്യത്തോടുള്ള ബന്ധത്തിൽ പരാമർശിച്ചു; രാജ്യവും സഭയും എത്ര അഗാധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു
- കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ, ഒരേ സമയം നാം രാജ്യത്തിലും സഭയിലും, നിധിയിലും മുത്തിലും ആണ്

## നാം രാജ്യത്തിന്റെ വാഴ്ചയ്ക്കും, ഭരണത്തിനും, ശിക്ഷണത്തിനും, പ്രയോഗത്തിനും കീഴിലായിരിക്കണം

**IV. രാജ്യമായ സഭയിൽ, നാം രാജ്യത്തിന്റെ വാഴ്ചയ്ക്കും, ഭരണത്തിനും, ശിക്ഷണത്തിനും, പ്രയോഗത്തിനും കീഴിലാണ്**

- ഇന്ന് സഭ ദൈവരാജ്യമാണെങ്കിലും, നമ്മുടെ സ്വാഭാവിക ജീവനിലായിരിക്കാതെ, നാം ആത്മാവിൽ ജീവിക്കുകയും, നടക്കുകയും നമ്മുടെ ആളത്തം ആത്മാവിൽ ആയിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ യഥാർഥ്യത്തിൽ രാജ്യത്തിൽ ആയിരിക്കുകയുള്ളൂ
- നാം പക്വത പ്രാപിക്കുന്നതുവരെ ദിവ്യജീവനിൽ വളരുകയും വികാസം പ്രാപിക്കുകയും ചെയ്തുകൊണ്ട് സഭയിൽ രാജ്യജീവിതം നയിക്കണം

## സഭയുടെ ഉത്തരവാദിത്വവും വേലയും—രാജ്യത്തെ കൊണ്ടുവരിക

**V. സഭ രാജ്യത്തെ കൊണ്ടുവരുന്നു**

- രാജ്യത്തെ കൊണ്ടുവരുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി സഭയെ നിലവിലേക്ക് കൊണ്ടുവന്നു
  - സഭയുടെ ഉത്തരവാദിത്വം—ക്രിസ്തുവിന്റെ വിജയത്തെ നിലനിർത്തുക
  - സഭയുടെ വേല—രാജ്യത്തിന്റെ തത്ത്വത്താൽ ഭരിക്കപ്പെടുക
  - സ്വർഗത്തിന്റെ ഹിതം താഴെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനും അത് ഭൂമിയിൽ നടപ്പിലാക്കുന്നതിനും സഭ ഉത്തരവാദിയാണ്
- സ്വർഗത്തിന്റെ ഭരണത്തിൻ കീഴിലേക്കു വരുന്ന സഭ, സ്വർഗീയ ഭരണത്തിന് അവൾ കീഴ്പ്പെടുന്നതു നിമിത്തം, ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നു
  - ക്രിസ്തു ഭൂമിയിൽ നടത്തിയ യുദ്ധം തുടരുക എന്നതാണ് സഭയുടെ ഉത്തരവാദിത്വം; സാത്താനെതിരെ ക്രിസ്തു നടത്തിയ വിജയകരമായ വേല സഭ തുടർന്നുകൊണ്ടുപോകണം

## ദൈവരാജ്യത്തെ കൊണ്ടുവരുവാനുള്ള മാർഗം—സഭയുടെ പ്രാർഥന

**VI. ദൈവരാജ്യത്തെ കൊണ്ടുവരാൻ സഭ പ്രാർഥിക്കണം**

- ഇന്ന് സഭാജീവിതത്തിൽ രാജ്യം ഇവിടെയുണ്ടെങ്കിലും, രാജ്യത്തിന്റെ പ്രത്യക്ഷത വരുവാനായ് നാം പ്രാർഥിക്കണം
- രാജ്യത്തിന്റെ വരവ് സ്വയമേയല്ല; പ്രാർഥന ഇല്ലെങ്കിൽ രാജ്യത്തിന് വരുവാൻ കഴിയില്ല.
- സഭയുടെ പ്രാർഥനയാണ് സാത്താനെ കീഴടക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം
- സ്വർഗത്തിന്റെ നിർഗമന മാർഗമായിരിക്കണം സഭ
- യഥാർഥ പ്രാർഥന ഒരു സംയുക്ത അധ്വാനമാണ്, ഒരു ആത്മിക പോരാട്ടമാണ്

## ഏറ്റവും പ്രയോജനമുള്ള വേലക്കാർ—ആദ്യം അവന്റെ രാജ്യം അന്വേഷിക്കുന്നവർ

**VII. ദൈവരാജ്യത്തെ എല്ലായ്പോഴും തങ്ങളുടെ മുമ്പാകെ വയ്ക്കുന്നവർ—ദൈവത്തിന്റെ ഹിതത്തെയും അവന്റെ ശത്രുവിനെയും സ്പർശിക്കുന്നവർ—അവരാണ് ദൈവത്തിന്റെ കരങ്ങളിൽ ഏറ്റവും ഉപയോഗമുള്ള വേലക്കാർ**